JAGRATHA 104

Vol-3, N0:29
21-08 - 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

## ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# സ്വവർഗ്ഗലൈംഗീകത കത്തോലിക്കസഭാ നിലപാട്

അടുത്ത കാലത്തായി സ്വവർഗ്ഗ ലൈംഗീകത (homosexuality) രാഷ്ട്രീയ-സാമൂഹികചർച്ചകളെ ചൂടുപിടിപ്പിച്ചു. സ്വവർഗ്ഗലൈംഗീകതയെ കുറ്റവിമുക്തമാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കമാണ് ഈ വിഷയത്തെ പൊതുവേദിയിലെത്തിച്ചത്. സ്വവർഗ്ഗാനുരാഗത്തെ നിയമവിരുദ്ധമാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377-ാം വകുപ്പ് വ്യക്തികളുടെ അവകാശലംഘനമാണെന്നും ഭരണഘടനാവിരുദ്ധമാണെന്നും ഇക്കഴിഞ്ഞ ജൂലായ് രണ്ടിന് ഡൽഹി ഹൈക്കോടതി വിധിച്ചു. എട്ടുകൊല്ലം നീണ്ട നിയമയുദ്ധം തങ്ങൾക്കനുകൂലമായപ്പോൾ സ്വവർഗ്ഗാനുരാഗികൾ തെരുവിലിറങ്ങി തുള്ളിച്ചാടി. ഇതിനെ എതിർക്കുന്നവർ കോടതി വിധിക്കെതിരെയും കേന്ദ്രസർക്കാർ നീക്കത്തിനെതിരെയും രോഷം പൂണ്ടു. സ്വവർഗ്ഗാനുരാഗ അനുകൂലികളും പ്രതികൂലികളും പരസ്പരം വാദങ്ങളുടെ വാളുവീശി. ഇതോടൊപ്പം ക്രിസ്തീയസഭകളും സ്വവർഗ്ഗലൈംഗീകത നിയമവിധേയമാക്കുന്നതിനെതിരെ രംഗത്തുവന്നു. ഈ സാഹചര്യം, സ്വവർഗ്ഗലൈംഗീകത നിയമവിധേയമാക്കാനുള്ള നീക്കത്തെ ക്രിസ്തീയപക്ഷത്തുനിന്ന് ശരിയായി വിലയിരുത്താൻ നമ്മെ നിർബന്ധിക്കുന്നു.

## ഇന്ത്യൻ ശിക്ഷാനിയമം 377-ാം വകുപ്പ്

1860 ൽ മെക്കാളെ പ്രഭു ബ്രിട്ടീഷ് ഇന്ത്യയിലെ നിയമത്തിൽ കൂടിചേർത്ത വകുപ്പാണിത്. ഇതുപ്രകാരം, പ്രകൃതിവിരുദ്ധമായി പുരുഷനോടോ സ്ത്രീയോടോ മൃഗത്തോടോ ലൈംഗീകബന്ധം പുലർത്തുന്നത് ജീവപര്യന്തമോ പത്തുക്കൊല്ലത്തിലധികമോ തടവുശിക്ഷയ്ക്കും പിഴയ്ക്കും അർഹമാണ്. 377-ാം വകുപ്പ് നീക്കികളയാനുള്ള നിയമയുദ്ധം നയിച്ചത് Naz foundation India Trust തുടങ്ങിയ ചില സംഘടനകളാണ്. ബ്രിട്ടൻ, ഓസ്ട്രേലിയ, അമേരിക്കയിലെ 37 സംസ്ഥാനങ്ങൾ, സൗത്ത് ആഫ്രിക്ക തുടങ്ങി നൂറിലധികം രാജ്യങ്ങൾ സ്വവർഗ്ഗലൈംഗീകതയെ പലപ്പോഴായി കുറ്റകരമല്ലാത്തതായി പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം 77 രാജ്യങ്ങളിൽ സ്വവർഗലൈംഗീകത ഇപ്പോഴും കുറ്റകരമാണ്. ഇവയിൽ സൗദി അറേബ്യ, ഇറാൻ, യെമൻ തുടങ്ങിയ ഏഴുരാജ്യങ്ങളിൽ ഇതു മരണശിക്ഷക്കർഹമായ കുറ്റമാണ്.

## സ്വവർഗ്ഗലൈംഗീകത കത്തോലിക്ക നിലപാട്

സ്വവർഗ്ഗാനുരാഗത്തെ നിയമവിധേയമാക്കുന്നതിനോട് കത്തോലിക്ക സഭ എതിരാണ്. അതേസമയം സ്വവർഗ്ഗലൈംഗീക ആഭിമുഖ്യവുമായി (homosexual orientation) ജനിക്കുന്നവരോട് സഭയ്ക്ക് അനുഭാവമാണുള്ളത്. വേറെ വാക്കുകളിൽ, സ്വവർഗ്ഗലൈംഗീകത നിയമവിധേയമാക്കിക്കൂടാ; എന്നാൽ സ്വവർഗ്ഗലൈംഗീക ആഭിഖ്യമുള്ളവരെ കുറ്റവാളികളായി കണ്ടുകൂടാ. ഇതാണ് കത്തോലിക്കസഭയുടെ കാഴ്ചപ്പാട്. എന്നുപറഞ്ഞാൽ സ്വവർഗ്ഗലൈംഗീകതയുടെ രഹസ്യമായ പ്രകടനങ്ങളും, സ്വവർഗ്ഗവിവാഹം തുടങ്ങിയ പരസ്യപ്രകടനങ്ങളും സഭ എതിർക്കുന്നു. (ഇതിനുള്ള കാരണങ്ങൾ താഴെ പറയുന്നതാണ്.)

സ്വവർഗ്ഗലൈംഗീകതയുടെ ജന്മനായുള്ള ആഭിമുഖ്യം അതിൽതന്നെ പാപകരമല്ല; പക്ഷെ ഇതൊരു ക്രമഭംഗമാണ്. അതുകൊണ്ട് സ്വവർഗ്ഗലൈംഗീകപ്രവൃത്തികൾ ക്രമവിരുദ്ധവും തെറ്റുമാണ്. ഈ ആഭിമുഖ്യത്തോടെ ജനിക്കുന്നവർക്ക് ഇതൊരു പരീക്ഷണമാണെന്നും സഭ സമ്മതിക്കുന്നു. സ്വവർഗ്ഗാനുരാഗികൾ ആദരവോടും കരുണയോടും മനസലിവോടും കൂടെ അംഗീകരിക്കപ്പെടണം. അന്യായമായ വിവേചനത്തിന്റെ അടയാളങ്ങൾപോലും അവരോടുള്ള പെരുമാറ്റത്തിൽ ഉണ്ടായിക്കൂടാ (കത്തോലിക്കസഭയുടെ സാർവത്രിക മതബോധനം, 2358). ഇപ്പറഞ്ഞ സഭാനിലപാട് സുവ്യക്തമാണ്. എങ്കിലും ഈ നിലപാടിനെ ചൂഴ്ന്നുനിൽക്കുന്ന മൂന്നുകാര്യങ്ങൾ സൂചിപ്പിക്കുകയാണ്.

ഒന്നാമതായി, സ്വർഗ്ഗലൈംഗീകതയെപറ്റി സഭ പറയുന്ന ഈ ഭാഗത്ത് സ്വവർഗ്ഗലൈംഗീക ആഭിമുഖ്യത്തോടെ ജനിക്കുന്നവരെയാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. സ്വവർഗ്ഗാനുരാഗത്തിലേക്ക് താത്ക്കാലികമായി വേലി ചാടുന്നവരെക്കുറിച്ച് അധികം ചർച്ചയുടെ ആവശ്യമില്ല. അത് തെറ്റാണെന്നത് സഭ എപ്പോഴും പഠിപ്പിക്കുന്നതാണ്. (എന്നാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ നിലവിലുള്ള 377-ാം വകുപ്പിൽ ജന്മസിദ്ധമായ (contigenital) സ്വവർഗ്ഗാനുരാഗം മാത്രമല്ല കുറ്റകരമായി കണ്ടിട്ടുള്ളത്).

രണ്ടാമതായി, ജന്മസിദ്ധമായ സ്വവർഗ്ഗലൈംഗീകത ഒരു രോഗമാണെന്ന് സഭ പഠിപ്പിക്കുന്നില്ല. അതൊരു ക്രമഭംഗമാണെന്നെ പറയുന്നുള്ളൂ. ജന്മസിദ്ധമായ സ്വവർഗ്ഗ ലൈംഗീകത ചികിത്സിച്ച് മാറ്റാം എന്നത് മിഥ്യധാരണയാണ്.  അക്രമവാസന, മോഷണത്വര, അമിതലൈംഗീകതാത്പര്യം എന്നിവ ചിലരിൽ ജന്മനായുണ്ടാകാം. അതുപോലെയല്ല ജന്മനായുള്ള സ്വവർഗ്ഗാലൈംഗീക ആഭിമുഖ്യം. ഒരുവന്റെ വ്യക്തിത്വത്തിന്റെ ഘടനയുടെ വ്യാകരണകുറിപ്പാണ് ലൈംഗീകത; അത് സ്വവർഗ്ഗാഭിമുഖ്യമോ ഇതരവർഗ്ഗാഭിമുഖ്യമോ ആയാലും, ഇവിടെ മരുന്നോ മന്ത്രമോ ഫലിക്കുകയില്ല. ഇതരവർഗ്ഗ ലൈംഗീക (heterosexual) ആഭിമുഖ്യം ചികിത്സിച്ച് മാറ്റാൻ പറ്റാത്തതുപോലെ തന്നെയാണ് സ്വവർഗ്ഗലൈംഗീകതയുടെ കാര്യവും. അതുകൊണ്ടാണ് ജന്മസിദ്ധമായ സ്വവർഗ്ഗ ലൈംഗീകത അതിൽതന്നെ പാപമല്ല എന്ന് സഭ പഠിപ്പിക്കുന്നത്.

മൂന്നാമതായി, സ്വവർഗ്ഗാനുരാഗികളുടെ വ്യക്തിമഹത്വവും മനുഷ്യാവകാശങ്ങളും സഭ അംഗീകരിക്കുന്നു. ലൈഗീകന്യൂനപക്ഷം എന്നുവിശേഷിപ്പിക്കുന്നവർക്കെതിരെ വിവേചനമരുത് എന്നുതന്നെയാണ് സഭയുടെ നിലപാട്. പക്ഷേ അവരുടേത് ക്രമവിരുദ്ധമായ ലൈംഗീക ആഭിമുഖ്യമായതുകൊണ്ട് അവർക്ക് ലൈംഗീക പ്രകാശനങ്ങൾക്ക് അവകാശമില്ല. വേറെ വാക്കുകളിൽ സഭ സ്വവർഗ്ഗാനുരാഗികളെ അംഗീകരിക്കുന്നു; പക്ഷെ അവന്റെ/അവളുടെ ജീവിതാവകാശത്തെ മാനിക്കുന്നില്ല. സ്വവർഗ്ഗാനുരാഗികളുടെ ലൈംഗീകാവകാശത്തെ ഹനിക്കുന്നതല്ലെ ഈ നിലപാട് എന്ന ചോദ്യം ന്യായമാണ്. ശരിയാണത്. പക്ഷേ ഇങ്ങനെ നിലപാടെടുക്കുന്നതിന് ഗൗരവമുള്ള പല കാരണങ്ങളുണ്ട്. അവയാണ് സ്വവർഗ്ഗ ലൈംഗീകതയെ കുറ്റവിമുക്തമാക്കാനുള്ള നീക്കത്തെ എതിർക്കാനുള്ള സഭയുടെ കാരണങ്ങളും.

## എന്തുകൊണ്ട് സ്വവർഗ്ഗലൈംഗീകത കുറ്റവിമുക്തമായിക്കൂടാ?

സ്വവർഗ്ഗലൈംഗീകതയെ കുറ്റകരമായി കാണണം എന്നുപറയുന്നത് സ്വവർഗ്ഗാനുരാഗികളുടെ ലൈംഗീക അവകാശത്തെ വെട്ടി ചുരുക്കുന്നതാണ് . അവരുടെ സ്വവർഗ്ഗാഭിമുഖ്യം ലൈംഗീകതയുടെ, സ്നേഹം കൊടുക്കുക, ജീവൻ നൽകുക എന്നീ ലക്ഷ്യങ്ങൾ സാധിക്കാൻ പ്രപ്തമല്ല. അത് അവരുടെ കുറ്റമല്ല എന്നത് ശരിയാണ്. പക്ഷേ സ്വവർഗ്ഗലൈംഗീകതയുടെ പ്രകാശനങ്ങൾ നിയമവിധേയമാക്കിയാൽ സമൂഹത്തിനുണ്ടാകുന്ന ദോഷങ്ങൾ പലതാണ്. പൊതുനന്മയ്ക്കുവേണ്ടി വ്യക്തികളുടെമേൽ ഇത്തരം അവകാശ നിയന്ത്രണം ഏർപ്പെടുത്താമോ? ഇതരവർഗ്ഗലൈംഗീക ആഭിമുഖ്യമുള്ളവരുടെ ലൈംഗീക അവകാശങ്ങളും ചില സാഹചര്യങ്ങളിൽ നിയമം എടുത്തു കളയാറുണ്ട്. ഉദാഹരണത്തിന് ഭ്രാന്തുള്ളവർ, ഷണ്ഡത്വം അനുഭവിക്കുന്നവർ തുടങ്ങിയവർക്ക് വിവാഹമോ അതുവഴിയുള്ള ലൈംഗീക അവകാശ വിനിയോഗമോ സാധ്യമല്ല. ഇത്തരക്കാർ തങ്ങളുടെ ലൈംഗീക അവകാശം വിനിയോഗിച്ചാൽ ഉണ്ടാകുന്ന ഫലം മുന്നിൽ കണ്ട് നിയമം ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണമാണിത്.  ഇതേ യുക്തിയാണ് സ്വവർഗ്ഗാനുരാഗികളുടെ കാര്യത്തിലും പ്രയോഗിക്കുന്നത്.

സ്വവർഗ്ഗലൈംഗീകതയെ കുറ്റവിമുക്തമാക്കിയാൽ അത് ധാർമികമായും ശരിയാണ് എന്ന തെറ്റിദ്ധാരണ സമൂഹത്തിൽ പടരും. നിയമസാധുത്വവും ധാർമികതയും എപ്പോഴും ഒന്നിച്ച് പോകണമെന്നില്ല. പക്ഷേ ഇത്തരം വിലയിരുത്തുകളൊന്നും പൊതുസമൂഹത്തിൽ സാധാരണ സംഭവിക്കുകയില്ല. സ്വവർഗ്ഗലൈംഗീകതയ്ക്ക് നിയമം കൊടുക്കുന്ന കൈത്താങ്ങ് അതിന്റെ അധാർമികതയെ മൂടിവയ്ക്കാൻ ഇടയാക്കും. പ്രായപൂർത്തിയായവരുടെ ഉഭയസമ്മതത്തോടുകൂടിയും രഹസ്യത്തിലുള്ളതുമായ സ്വവർഗ്ഗലൈംഗീകതയ്ക്ക് നിയമപരിരക്ഷകൊടുക്കാനാണ് ഇപ്പോഴത്തെ നീക്കം. ഡൽഹി ഹൈക്കോടതി വിധി പറയുന്നതും ഇതുതന്നെ. നിയമപ്രകാരമുള്ള ഒരു അവകാശമാണെങ്കിൽ മേല്പറഞ്ഞ വ്യവസ്ഥകളോടെ ഇതരവർഗ്ഗ ലൈംഗീക ആഭിമുഖ്യമുള്ളവർക്കും അവരുടേതായ ലൈംഗീകപ്രകാശനങ്ങൾ അനുവദിച്ചുകൊടുക്കേണ്ടിവരും. ഇതരവർഗ്ഗലൈംഗീക ആഭിമുഖ്യമുള്ള പ്രായപൂർത്തിയായവരുടെ, ഉഭയസമ്മതത്തോടുകൂടിയതും രഹസ്യത്തിലുള്ളതുമായ ലൈംഗീകപ്രകാശനങ്ങളെല്ലാം അനുവദിച്ചുകൊടുക്കണം എന്നർത്ഥം. എന്നുപറഞ്ഞാൽ, ഇതോടെ വ്യഭിചാരം (adultery) , അഗമ്യഗമനങ്ങൾ (fornication) എന്നീകുറ്റങ്ങൾ തന്നെ ഇല്ലാതാകും. പകരം, ഇവയൊക്കെ നിയമവിധേയമാകും. അങ്ങനെ വന്നാൽ വ്യഭിചാരവൃത്തിക്ക് സർക്കാർ കാവൽ നിൽക്കേണ്ടിയും വരും. കാരണം ഇത് പൗരൻമാരുടെ അംഗീകൃത അവകാശമാണ്.

സ്വവർഗ്ഗലൈംഗീകത നിയമാനുസൃതമാക്കുന്നത് മറ്റുപല വഴി പിഴയ്ക്കലുകളുടേയും തുടക്കമായിരിക്കും. സ്വവർഗ്ഗബന്ധമാണെങ്കിലും വേശ്യവൃത്തിയുടേയോ താല്ക്കാലികബന്ധങ്ങളുടേയോ തലത്തിൽ മാത്രം അത് അവസാനിക്കണമെന്നില്ല. സ്ഥിരമായ, നിയമസാധുതയുള്ളബന്ധം കുറേപ്പേർക്കെങ്കിലും ആവശ്യമായി വരും. അങ്ങനെയൊരാവശ്യം ഉയർന്നാൽ അടുത്തപടിയായി സ്വവർഗ്ഗവിവാഹം അനുവദിക്കേണ്ടി വരും . ചില രാജ്യങ്ങളിൽ അത് അനുവദിക്കേണ്ടി വന്നിട്ടുമുണ്ട്. അതാകട്ടെ വിവാഹം എന്ന സങ്കൽപ്പത്തെ തന്നെ തകർക്കും. അടുത്തഘട്ടത്തിൽ സ്വവർഗ്ഗ വിവാഹിതർക്ക് കുഞ്ഞുങ്ങൾ വേണമെന്ന ആവശ്യം ഉയരും. അതിനുള്ള സ്വാഭാവിക സാധ്യതകൾ ഇല്ലാത്തതുകൊണ്ട് അവർക്ക് ദത്തെടുക്കാനുള്ള അവകാശം കൊടുക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ ഒരു അമ്മയുടെയും അച്ഛന്റെയും സംരക്ഷണയിൽ വളരാനുള്ള കുഞ്ഞിന്റെ അവകാശമാണോ വലുത് അതോ സ്വവർഗ്ഗ വിവാഹം നടത്തിയ ദമ്പതികൾക്ക് കുഞ്ഞിനെ സ്വന്തമാക്കാനുള്ള അവകാശമാണോ വലുത് എന്നുതീരുമാനിക്കാണ്ടിവരും. ദത്തെടുക്കലിനു പകരം കൃത്രിമ പ്രജനനമാർഗങ്ങൾ (artificial reproductive techniques) അവലംബിച്ച് കുഞ്ഞുങ്ങളെ കിട്ടാനുള്ള അവകാശവും ഉന്നയിക്കപ്പെടാം. ഇതുൾക്കൊള്ളുന്ന ധാർമിക പ്രശ്നങ്ങൾ തീരെ നിസ്സാരമല്ല. സ്വവർഗ്ഗലൈംഗീകതയെ കുറ്റവിമുക്തമാക്കാനുള്ള നീക്കം സമൂഹത്തെ ലൈംഗീക അരാജകത്വത്തിലേക്ക് നയിക്കാം. കാരണം ജന്മനാ സ്വവർഗ്ഗലൈംഗീകആഭിമുഖ്യമുള്ളവർക്ക് മാത്രമല്ല ഈ നിയമ ഭേദഗതി ഗുണകരമാവുക. വളർത്തുദോഷം കൊണ്ട് ലൈംഗീകആഭിമുഖ്യം മാറിയവർ, ദ്വിലൈംഗീകാഭിമുഖ്യമുള്ളവർ (bisexuals), ലിംഗമാറ്റം നടത്തിയവർ (transgendered) ഇടയ്ക്കിടെ വർഗ്ഗം മാറിയുള്ള ലൈംഗീകതാല്പര്യം പുലർത്തുന്നവർ എന്നിവർക്കെല്ലാം ഈ നിയമഭേദഗതി സഹായകരമാകും. ചികിത്സിച്ച് മാറ്റേണ്ട അവസ്ഥയിലുള്ളവർ അതിന് ശ്രമിക്കുകയും വേണ്ട. ചുരുക്കത്തിൽ, സ്വവർഗ്ഗരതിയിൽ അഴിഞ്ഞാടാൻ താല്പര്യമുള്ളവർക്കെല്ലാം അനുവാദം നൽകുകയായിരിക്കും ഫലത്തിൽ. സമൂഹത്തിൽ ഇത് എന്തു മാത്രം ദോഷം വിതയ്ക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

സ്വവർഗ്ഗ ലൈംഗീകതയെ കുറ്റവിമുക്തമാക്കുന്നത് ആരോഗ്യപാലനരംഗത്ത് വളരെ ദോഷഫലങ്ങൾ ഉളവാക്കും. ഇന്ത്യയിലെ HIV/AIDS രോഗികളിൽ ഏറിയ കൂറും സ്വവർഗ്ഗാനുരാഗികളാണെന്നാണ് കണക്കുകൾ. നിലവിലുള്ള നിയമത്തിന്റെ വിലക്ക് മാറ്റിയാൽ ഇവർ ഇപ്പോഴത്തേക്കാൾ സജീവമായി രംഗത്തിറങ്ങും. ഇത് രോഗവ്യാപനം വേഗത്തിലാക്കും. എന്നാൽ ഇങ്ങനെയല്ല സംഭവിക്കുക; HIV/AIDSനെ തടയാനാണ് പുതിയ നിയമനീക്കം എന്നു വാദിക്കുന്നവരുണ്ട്. അതായത് കുറ്റവിമുക്തമാക്കിയാൽ സ്വവർഗ്ഗാനുരാഗികൾ ആരെയും പേടിക്കാതെ തങ്ങളുടെ ഒളിയിടങ്ങളിൽ നിന്നും പുറത്തുവരും. അപ്പോൾ അവർക്ക് രോഗപ്രതിരോധത്തിനുള്ള സഹായം കൊടുക്കാൻ പറ്റും. എന്നുപറഞ്ഞാൽ സ്വയം പ്രഖ്യാപിത സ്വവർഗ്ഗാനുരാഗികൾക്ക് ഗർഭനിരോധന ഉറ വിതരണം ചെയ്ത് രോഗം തടയാനൊക്കും എന്നാണ് കണക്കുകൂട്ടൽ. ഈ വാദ

ഗതി പോലെ ലളിതമാണ് അതിന്റെ പ്രായോഗികത എന്നു തോന്നുന്നില്ല.

സ്വവർഗ്ഗലൈംഗീകത കുറ്റവിമുക്തമാക്കുന്നതിനെക്കുറിച്ച് പരിഭവിക്കാനൊന്നുമില്ലെന്നാണ് അതിനെ അനുകൂലിക്കുന്നവരുടെ പക്ഷം. കാരണം പൗരാണിക സംസ്ക്കാരങ്ങളിൽ തുടങ്ങി ഇതിനെക്കുറിച്ച് പരാമർശമുണ്ട്. ബൈബിളിൽ ഇതിനെതിരെ വിലക്കുണ്ട്. അതായത് ഇത് പണ്ടുമുതലേയുള്ള കാര്യമാണ്. ചില മൃഗജാതികളിലുമുണ്ട് സ്വവർഗ്ഗലൈംഗീകത. അതിനാൽ തികച്ചും സ്വാഭാവികമാണ് ഈ വാസന. പിന്നെയെന്തിന് ഇതിനെ നിയമത്തിന്റെ ചങ്ങലയ്ക്കിടണം എന്നാണ് ഈ വാദത്തിന്റെ പൊരുൾ. മനുഷ്യകുലത്തിന്റെ ആരംഭം മുതലുളളതാണ് ഈ പ്രത്യേക സ്വഭാവം എന്നു സ്ഥാപിക്കാനായാലും അത് ധാർമികമായി ശരിയാവണം എന്നർത്ഥമില്ല. ഉത്പത്തി പുസ്തകത്തിന്റെ ആദ്യ പുറങ്ങളിൽ തന്നെ സഹോദരഹത്യയുടെ ചോരപ്പാടുകൾ കാണാം. എത്രയോ കൊലപാതകകഥകൾ ചരിത്രത്തിന്റെ ഓരോ അദ്ധ്യാത്തിലും നാം കാണുന്നു. അതുകൊണ്ട് കൊലപാതകം ന്യായമാണെന്നോ ശരിയാണെന്നോ വരുന്നില്ല. ഈ ഒരു പെരുമാറ്റ രീതി മൃഗങ്ങളുടെ പരിധിയിൽ പെട്ടതാണ്. അതുകൊണ്ട് അത് മനുഷ്യസഹജമാണെന്ന് കരുതുന്നത് ശുദ്ധ ഭോഷ്ക്കാണ്. സ്വന്തം കുഞ്ഞുങ്ങളെ ശാപ്പിടുന്ന മൃഗങ്ങളുണ്ട്. അമ്മ-പെങ്ങന്മാർ വിത്യാസമില്ലാതെ ഇണചേരുന്ന പക്ഷി-മൃഗാദികളുണ്ട്. ഇതെല്ലാം മനുഷ്യോചിതമാണെന്നു പറയാൻ സാമാന്യബോധം നമ്മെ സമ്മതിക്കുകയില്ല. അതുപോലെയാണ് മൃഗങ്ങളിലെ സ്വവർഗ്ഗലൈംഗീകതയെ മനുഷ്യരുടെ ഇത്തരം വാസനയെ ന്യായികരിക്കാൻ ഉപയോഗിക്കുന്നതിലെ യുക്തിഭംഗവും.

**(ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, പ്രൊഫസർ, മോറൽ തിയോളജി, മംഗലപ്പുഴ സെമിനാരി)**